കാരൂർ സോമൻ

# അന്യന്മാർ ആനയെ അളക്കുമ്പോൾ



നാല് അന്യന്മാർ ആനയെ കണ്ടപ്പോൾ
ഒരാൾ ചോദിച്ചു
ഇതിനെ എങ്ങനെ ചുമലിലേറ്റും?
അപരൻ പറഞ്ഞു,
നമുക്ക് സോവിയറ്റ് യൂണിയൻ
വെട്ടി മുറിച്ചതു പോലെ
പീസ് പീസ് ആക്കി മാറ്റാം
അന്യൻ ചോദിച്ചു,
അപ്പോൾ മസ്തിഷ്ക്കം
ആരു ചുമക്കും?
അപരൻ പറഞ്ഞു,
അതവിടെ കിടക്കട്ടെ
അവിടെ കിടന്നു വളരട്ടെ
അവിടെ നിന്നു ചെഞ്ചെടികൾ വളരട്ടെ..
ആ പൂക്കൾ നമുക്കു ചുമക്കാം
അന്യൻ ചോദിച്ചു,
ആ പൂക്കൾ വാടി കൊഴിയുമ്പോൾ
യൂറോപ്പിലാകെ അതിന്റെ
ഗന്ധം നിറയുമ്പോൾ
വിൽക്കുവാനാളില്ലാതെ
പൂക്കുടയിലത് വാടിക്കരിയുമ്പോൾ
നമ്മൾ എന്തു ചുമക്കും?
മൂന്നാമതൊരാൾ പറഞ്ഞു,
ആനയെ ചുമക്കാൻ അതിന്റെ
വാലും തലയും എടുക്കണമെന്നില്ല
അതിന്റെ ക്യൂആർഎസ് കോഡ്
എടുത്താൽ മതി
അതിനെ റിട്രൈവ് ചെയ്തു നമുക്ക്
ഏതു ഉഗാണ്ടയിലേക്ക്
വേണമെങ്കിലും കടത്താം
നാലാമത്തേയാൾ ചോദിച്ചു,
എന്റെ സാംസങ് ഗ്യാലക്സിയിൽ
നിന്റെ ആനയെ കയറ്റാമോ?
എന്റെ തുവെള്ള ആൻഡ്രോയിഡിൽ
നിന്റെ ആനയ്ക്ക് നിൽക്കാമോ?
എങ്കിൽ ഞാനത് ഈ കൈവെള്ളയിൽ
കൈപൊള്ളാതെ ആരുമറിയാതെ
യുഎസിലേക്കും അവിടെ നിന്നു
ജപ്പാനിലേക്കും ഇന്ത്യയിലേക്കും കടത്താം

അ-അമ്മ ആ-ആന
എന്നു നാലു പേരും ഒന്നിച്ചു പറഞ്ഞതോടെ
തെരുവുനാടകം സമാപിച്ചു
ചങ്ങലപൊട്ടിച്ച ആന മൂന്നുപേരെയും ചവിട്ടി കൊന്നു
നാലാമത്തെയാൾ ആനയായി
രൂപാന്തരം പ്രാപിച്ചു.
അയാൾക്ക് അയാളുടെ വലുപ്പം
അറിയാമായിരുന്നില്ല.